08/06/2020

14.3.2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2439*(7)/2014*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **14930**/*എസ്.ഐ.സി-ജി 6/14*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി ഓമന ഇ.,
എലിയൻ ഹൗസ്, കീച്ചേരി,
പാപ്പിനിശ്ശേരി പി.ഒ.,
കണ്ണൂർ. } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ& സീനിയർ മാനേജർ (പി&എ), കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലി., കെൽട്രോൺ നഗർ, കല്ല്യാശ്ശേരി പി.ഒ., കണ്ണൂർ – 670 562.

2. അപ്പീൽ അധികാരി& മാജേനിംഗ് ഡയറക്ടർ ഇൻ-ചാർജ്ജ്, കെൽട്രോൺ കമ്പോണന്റ് കോംപ്ലക്സ് ലി., കെൽട്രോൺ നഗർ, കല്ല്യാശ്ശേരി പി.ഒ., കണ്ണൂർ – 670 562.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 18.06.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 30.07.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 05.08.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 01.09.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | – |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 25.09.2014 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 12.11.2019 വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കണ്ണൂർ. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി ഓമന ഇ., തീയതി വയ്ക്കാതെ സമർപ്പിച്ച അപ്പീൽ ഹർജി 25.09.2014ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.2439(7)/14/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടിയിൽ ടിയാൾ ആവശ്യപ്പെട്ട പ്രകാരമുള്ള വിശദാംശങ്ങൾ ഉണ്ടായിരുന്നില്ലെന്നും തുടർന്ന് സമർപ്പിച്ച അപ്പീലിന് ലഭ്യമാക്കിയ മറുപടി തെറ്റാണെന്നും ആകയാൽ ടിയാൾആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരി 18.06.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ടിയാൾ ജോലിയിൽ നിന്ന് വിരമിക്കുന്ന സമയത്ത് ടിയാൾക്ക് ലഭിച്ചിരുന്ന അടിസ്ഥാന ശമ്പളം ഡി.എ., എച്ച്.ആർ.എ., വി.ഡി.എ. എന്നിവ ശമ്പള പരിഷ്ക്കരത്തിനു ശേഷം ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ എത്രയാണെന്ന് അറിയിക്കണമെന്നാണ്. ആയതിന് 30.07.2014ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 01.09.2014ന് മറുപടി നൽകിയതായും കാണുന്നു.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാരിയുടെ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്നു കമ്മീഷനു ബോധ്യമാകുന്നു. ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൾ റിട്ടയർ ചെയ്തതിനു ശേഷം മുൻകാല പ്രാബല്യത്തോടെ ശമ്പള പരിഷ്ക്കരണം നിലവിൽ വന്നെങ്കിലും ടിയാൾക്ക് പഴയ ശമ്പളം തന്നെയാണ് നൽകിയതെന്നും ടി വിഷയം സംബന്ധിച്ച് കേസ് ഫയൽ ചെയ്തതു പ്രകാരം ടിയാൾക്ക് പുതുക്കിയ ശമ്പളം നൽകാൻ വിധിയായിട്ടും നൽകിയില്ലെന്നും പിന്നീട് ശമ്പളം നൽകിയെന്നും എങ്കിലും ബേസിക് എത്രയെന്നറിയിച്ചില്ലെന്നും പുതിയ ശമ്പളം സംബന്ധിച്ച വിവരങ്ങൾ നൽകിയില്ലെന്നുമാണ്. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, സർക്കാർ ഉത്തരവ് വന്നത് 2010ലാണെന്നും റിട്ടയർ ചെയ്ത

വർക്കും ടി ആനുകൂല്യം നൽകാമെന്ന് പിന്നീടാണ് തീരുമാനിച്ചതെന്നുമാണ്. എന്നാൽ ഹർജിക്കാരിക്ക് ഏത് കണക്കിലാണ് ഭാഗീകമായ തുക നൽകിയതെന്നുള്ള വിവരം ടിയാൾക്ക് നൽകണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയതു പ്രകാരം 26.11.2019ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരിക്ക് ശമ്പള പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുണ്ടെന്ന് രേഖപ്പെടുത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 മാർച്ച് 18-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM